**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൊടുപുഴ മുനിസിപ്പൽ സെക്രട്ടറിയായ ശ്രീ.അജേഷ്.റ്റി.ജി-യുടെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1319/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/06/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ഫിൻ നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ഫിൻ നമ്പർ ഉത്തരവ്
3. 16.12.2017 തീയതിയിലെ സ.ഉ(സാധാ) നം. 4069/17/തസ്വഭവ നമ്പർ ഉത്തരവ്
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/05/2019 ലെ 12974/ഇ 1/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

ഉത്തരവ്

തൊടുപുഴ മുനിസിപ്പൽ സെക്രട്ടറിയായ ശ്രീ.അജേഷ്.റ്റി.ജി- യെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി **21/12/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **22/12/2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം **(4)** പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ മുനിസിപ്പൽ സെക്രട്ടറിയായ ശ്രീ. അജേഷ്.റ്റി.ജി. - യുടെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (**140** സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം **(1)**, **(2)** ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി **22/12/2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ജയശ്രീ എൽ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**